# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4554** **21/3/2018-ൽ മറുപടിക്ക്**

**ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. സംസ്ഥാന വിപണിയിൽ ലഭ്യമാകുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക, സംസ്ഥാനത്തെ മരുന്ന് നിർമ്മാണം, വിതരണം, വ്യാപാരം, ബ്ലഡ് ബാങ്കുകൾ, ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ, എസ്സൻഷ്യൽ നാർക്കോട്ടിക് മരുന്നുകളുടെ സംഭരണം, വിതരണം എന്നിവ നിയമാനുസൃതമായാണ് നടക്കുന്നതെന്ന് പരിശോധനകളിലൂടെ ഉറപ്പ് വരുത്തുക, അവയുടെ ലൈസൻസിംഗ്, സംസ്ഥാന വിപണിയിൽ വ്യാജ മരുന്നുകൾ, മിസ് ബ്രാൻഡഡ് മരുന്നുകൾ എന്നിവയില്ലെന്നുറപ്പുവരുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നത് ഡ്രഗ്സ് കൺട്രോൾ വകുപ്പാണ്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഇന്റേണൽ ഓഡിറ്റുകൾ, സർക്കാർ തലത്തിലുള്ള ഓഡിറ്റുകൾ, എ.ജി ഓഡിറ്റുകൾ മുതലായവ നടത്തുന്നുണ്ട്. |
| ബി) | ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത ഡിപ്പാർട്ട്മെന്റ് എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ? | ബി) | ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിലുള്ള മരുന്നുപരിശോധനാ ലബോറട്ടറികളായ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരം, റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളം എന്നിവിടങ്ങളിൽ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ തൃശ്ശൂർ ജില്ലയിൽ പുതിയ മരുന്ന് പരിശോധനാ ലബോറട്ടറി അടുത്ത സാമ്പത്തിക വർഷത്തോടെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**